ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:20.02.2025**

1. എല്ലാവർക്കും താങ്ങാവുന്ന ചികിത്സയും, തദ്ദേശീയമായ ചികിത്സ രീതികളും പ്രോത്സാഹിപ്പിക്കുകയാണ് കേന്ദ്ര സർക്കാരിന്റെ നയമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിങ്ങ്.

2. സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻകൂടി അനുവദിച്ച് സംസ്ഥാന സർക്കാർ.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത് തുടരുമെന്ന് മന്ത്രി എംബി രാജേഷ്.

4. ബ്രൂവറി വിഷയത്തിൽ സർക്കാരിനെതിരെ രൂക്ഷ വിമർശനം തുടർന്ന് പ്രതിപക്ഷ പാർട്ടികൾ.

5. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് നാളെ കൊച്ചിയിൽ തുടക്കം

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് 229 റൺസ് വിജയലക്ഷ്യം ; രഞ്ജി ട്രോഫി ക്രിക്കറ്റ് സെമിയിൽ കേരളത്തിനെതിരെ ശക്തമായ നിലയിൽ ഗുജറാത്ത്.

*****************************

RNU TVPM

## ജിതേന്ദ്ര സിംഗ്

രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്ക് കേന്ദ്ര സർക്കാർ വളരെയേറെ പരിഗണന നല്കുന്നതായി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പ്രകാരം നിർമിച്ച പുതിയ മന്ദിരം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും താങ്ങാവുന്ന ചികിത്സയും, തദ്ദേശീയമായ ചികിത്സ രീതികളും പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിൻറെ നയമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിന് ഭൂമിഏറ്റെടുക്കൽ തടസമല്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ബയോ മാനുഫാക്ച്ചറിങ് മേഖലയിൽ രാജ്യം കൈവരിച്ച പുരോഗതിയിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് സുപ്രധാന പങ്കു വഹിക്കുന്നതായും ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

RNU TVPM

*****************************

## ക്ഷേമപെൻഷൻ

സംസ്ഥാനത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 812 കോടി അനുവദിച്ചതായും മന്ത്രി അറിയിച്ചു. അടുത്ത ആഴ്ച മുതൽ പെൻഷൻ ലഭിച്ചുതുടങ്ങും. 62 ലക്ഷത്തോളം പേർക്ക് 1,600 രൂപ വീതമാണ് ലഭിക്കുക.

*****************************

## എംബി രാജേഷ് (ഇൻട്രോ)

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്നത്

തുടരുമെന്ന് മന്ത്രി എംബി രാജേഷ്. കെട്ടിട നിർമ്മാണ ചട്ടത്തിലുൾപ്പെടെ ജനോപകാരപ്രദമായ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നതായും മന്ത്രി തിരുവന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവരും. ഇതിനായി ഫാക്ടറികൾ പോലെയുള്ള സംരംഭങ്ങളെ കാറ്റഗറി ഒന്ന് വിഭാഗമായും വാണിജ്യ വ്യാപാര സേവന സംരംഭങ്ങളെ കാറ്റഗറി രണ്ട് വിഭാഗമായും തിരിക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.................)

*****************************

## ആർ ബിന്ദു-കൺവെൻഷൻ

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കനത്ത പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന കരട് നിയമങ്ങളാണ് യുജിസി മുന്നോട്ടുവെച്ചിരിക്കുന്നതെന്ന ഏകാഭിപ്രായം ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ ഉയർന്നതായി മന്ത്രി ആർ ബിന്ദു. കൺവെൻഷൻ സമാപന ചടങ്ങിനെ തുടർന്ന് മറ്റു സംസ്ഥാനങ്ങളിലെ മന്ത്രിമാരോടൊപ്പം തിരുവനന്തപുരത്ത് സംയുക്ത വാർത്താസമ്മേളനം നടത്തുകയായിരുന്നു മന്ത്രി . മുഖ്യമന്ത്രി പിണറായി വിജയനാണ് ദേശീയ കൺവെൻഷൻ ഉദ്ഘാടനം ചെയ്തത്. തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു, കർണാടക, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ മന്ത്രിമാർ തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുത്തു.

*****************************

## മന്ത്രി വി.ശിവൻകുട്ടി

RNU TVPM

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പഠനോത്സവം 2025ൻറെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിൻറെ കേന്ദ്രങ്ങളായി വളർന്നതിൻറെ ജനകീയ വിലയിരുത്തലാണ് പഠനോത്സവമെന്ന് മന്ത്രി പറഞ്ഞു.

*****************************

## ഇൻവസ്റ്റ് കേരള

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് നാളെ കൊച്ചിയിൽ തുടക്കമാകും. രണ്ടുദിവസത്തെ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, പിയൂഷ് ഗോയൽ, ജയന്ത് ചൗധരി എന്നിവർ ഉച്ചകോടിയെ അഭിസംബോധന ചെയ്യും. മന്ത്രി പി.രാജീവ് ഉദ്ഘാടന ചടങ്ങിന് അധ്യക്ഷത വഹിക്കും. പ്രതിപക്ഷനേതാവ് വി ഡി സതീശൻ , നോർക്ക റൂട്ട്സ് ചെയർമാൻ എം എ യൂസഫലി, വിദേശ പ്രതിനിധികൾ തുടങ്ങി 3000-ത്തോളം പേർ ഉച്ചകോടിയിൽ പങ്കെടുക്കും.

*****************************

## ഉപതിരഞ്ഞെടുപ്പ്

തിരുവനന്തപുരം ജില്ലയിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഈ മാസം 24 ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം, കരുംകുളം, പൂവച്ചൽ, പാങ്ങോട് ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകൾ എന്നിവ അടക്കം സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിലാണ് തിങ്കളാഴ്ച ഉപതെരഞ്ഞെടുപ്പ് നടക്കുക.

*****************************

RNU TVPM

## ഒ റ്റി റ്റി

OTT കണ്ടൻറുമായി ബന്ധപ്പെട്ട് കർശന നിർദ്ദേശവുമായി വാർത്താ വിതരണ, പ്രക്ഷേപണ മന്ത്രാലയം. രാജ്യത്തെ നിയമങ്ങളും, പ്രായസംബന്ധമായ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കണമെന്ന്, OTT പ്ലാറ്റ്ഫോമുകൾക്ക് നൽകിയ നിർദ്ദേശത്തിൽ പറയുന്നു. സഭ്യേതരമായ അശ്ലീല കണ്ടൻറ് പ്രദർശിപ്പിക്കുന്നതായി എംപി മാർ ഉൾപ്പെടെ പരാതിപ്പെട്ട സാഹചര്യത്തിലാണ് ഇടപെടൽ.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

(ബ്രേക്ക്)

*****************************

## എലപ്പുള്ളി ബ്രൂവറി-വി ഡി സതീശൻ

പാലക്കാട് എലപ്പുള്ളിയിൽ ഒരു കാരണവശാലും ബ്രൂവറി ആരംഭിക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. മുഖ്യമന്ത്രിയുടെയും എക്സൈസ് മന്ത്രിയുടെയും തീരുമാനം എൽ.ഡി.എഫിലെ മറ്റു ഘടകകക്ഷികളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നതായും അദ്ദേഹം കുറ്റപ്പെടുത്തി. സിപിഐ, ആർജെഡി തുടങ്ങിയ എൽ.ഡി.എഫ് ഘടക കക്ഷികൾ ഡിസ്റ്റിലറിയ്ക്ക് എതിരായ മുൻ അഭിപ്രായം തിരുത്തിയത് നിലപാടില്ലായ്മയാണെന്നും പ്രതിപക്ഷനേതാവ് വിമർശിച്ചു.

*****************************

## ബ്രൂവറി- സുരേന്ദ്രൻ

RNUTVPM

പാലക്കാടിന്റെ പരിസ്ഥിതി തകർക്കുന്ന ഒരു പദ്ധതിയും ബിജെപി അനുവദിക്കില്ലെന്ന് ബ്രൂവറി വിഷയത്തിൽ ബിജെപി ജില്ലാ നേതൃത്വം നടത്തുന്ന സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് പാർട്ടി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ബ്രൂവറിക്ക് വേണ്ടി ഭൂഗർഭജലം ഊറ്റില്ലെന്ന എംബി രാജേഷിന്റെ പ്രസ്താവന വെറുംവാക്കാണെന്നും, അദ്ദേഹം ആരോപിച്ചു.

*****************************

## ആശാ വർക്കർമാരുടെ സമരം

സംസ്ഥാന ആശാ വർക്കേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന സമരത്തിൻറെ ഭാഗമായ മഹാസംഗമത്തിൽ നൂറു കണക്കിന് ആശാ വർക്കർമാർ ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ അണിനിരന്നു. ആശാ വർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കുമെന്ന് മന്ത്രി വീണ ജോർജ് ഇന്നലെ അറിയിച്ചിരുന്നു. എന്നാൽ വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക ഉൾപ്പെടെ മറ്റ് ആവശ്യങ്ങൾ സർക്കാർ അംഗീകരിക്കാതെ, 11 ദിവസമായി തുടരുന്ന സമരത്തിൽ നിന്ന് പിന്നോട്ടില്ല എന്നാണ് ആശാ വർക്കർമാരുടെ നിലപാട്.

RNUTVPM

*****************************

## ഹൈക്കോടതി - പി സി ജോർജ്

മതവിദ്വേഷ പരാമർശം ഗുരുതര കുറ്റകൃത്യമായി പരിഗണിക്കണമെന്ന്, വിദ്വേഷ പരാമർശവുമായി ബന്ധപ്പെട്ട് മുൻ എംഎൽഎ പി.സി.ജോർജിൻറെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കവെ ഹൈക്കോടതി. പരമാവധി 3 വർഷം വരെ തടവാണ് നിലവിലെ ശിക്ഷയെന്നും, ഇതിനേക്കാൾ വർദ്ധിച്ച ശിക്ഷ ഇതിൽ നൽകേണ്ടതാണെന്നും ജസ്റ്റിസ് പിവി

കുഞ്ഞികൃഷ്ണൻ വാക്കാൽ പരാമർശം നടത്തി. ഹർജി ഹൈക്കോടതി വിധി പറയാനായി മാറ്റി.

*****************************

## വയനാട് - കടുവ (ഇൻട്രോ)

വയനാട് തലപ്പുഴയിലെ കടുവ സാന്നിധ്യത്തെ തുടർന്ന് വിപുലമായ പരിശോധനയുമായി വനം വകുപ്പ്. മൂന്ന് സംഘങ്ങളായി കമ്പിപ്പാലം, ജോൺസൺകുന്ന്, കരിമാനി എന്നിവിടങ്ങളിലാണ് ഇന്ന് രാവിലെ മുതൽ പരിശോധന ആരംഭിച്ചത്. **വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്**

**(ഹോൾഡ് വോയ്സ്...........)**

*****************************

## കാട്ടാന- ധനസഹായം

കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട താമരവെള്ളച്ചാൽ ഊരിലെ പ്രഭാകരൻറെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായത്തിൻറെ ആദ്യഗഡു മന്ത്രി കെ രാജൻ കൈമാറി. അഞ്ച് ലക്ഷം രൂപയാണ് നൽകിയത്. 10 ലക്ഷം രൂപ നഷ്ടപരിഹാരമായും ഒരു ലക്ഷം രൂപ ഇൻഷൂറൻസായും നൽകാനാണ് തീരുമാനം.

*****************************

## ആർടിഒ- കൊച്ചി

സ്വകാര്യ ബസ് പെർമിറ്റിനായി മദ്യവും കൈക്കൂലിയും വാങ്ങുന്നതിനിടെ അറസ്റ്റിലായ എറണാകുളം ആർടിഒ ജെഴ്സണിൻറെ വസതിയിൽ നടത്തിയ റെയ്ഡിൽ 60,000-ത്തിലധികം രൂപയും, മദ്യ കുപ്പികളും കണ്ടെടുത്തതായി

RNU TVPM

വിജിലൻസ് അറിയിച്ചു. സ്വത്തുക്കളും നിക്ഷേപങ്ങളും സംബന്ധിച്ച രേഖകളും കണ്ടെത്തിയിട്ടുണ്ട്. കേസിൽ ആർടിഒ-യെ കൂടാതെ സജി, രാമ പടിയാർ എന്നീ ഇടനിലക്കാരും അറസ്റ്റിൽ ആയിരുന്നു.

*****************************

## ചാമ്പ്യൻസ് ട്രോഫി

ഐ സി സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യയ്ക്ക് 229 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് 49.4 ഓവറിൽ 228 റൺസിന് പുറത്തായി. ദുബായ് സ്റ്റേഡിയത്തിലാണ് മത്സരം പുരോഗമിക്കുന്നത്.

*****************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ മൂന്നാം ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ ഗുജറാത്ത് ഒന്നാം ഇന്നിംഗ്സിൽ 7 വിക്കറ്റ് നഷ്ടത്തിൽ 429 റൺസ് എന്ന നിലയിൽ. കേരളം 457 റൺസാണ് ഒന്നാം ഇന്നിംഗ്സിൽ നേടിയത്.

RNU TVPM

*****************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 203 പോയിന്റ് നഷ്ടത്തിൽ 75,736 ലും, നിഫ്റ്റി 20 പോയിൻറ് നഷ്ടത്തിൽ 22,913 ലും വ്യാപാരം അവസാനിപ്പിച്ചു .

****************************************************************************************